# മുൻനിശ്ചയം കൂടാതെ സിസ്സേറിയൻ വേണ്ടിവരുമ്പോൾ പ്രത്യേക ശരീരഭാഗത്തുമാത്രം കൊടുക്കേണ്ടിവരുന്ന അൻസ്തറ്റിക്കിനെ കുറിച്ചുള്ള അറിവുരേഖ

പ്രത്യേക ശരീരഭാഗത്തെക്കുള്ള അനസ്തറ്റിക് (എപ്പിഡ്യൂറൽ അല്ലെങ്കിൽ സ്പൈനൽ അനസ്തറ്റിക്) ഒരു പ്രത്യേകതരം വേദനസംഹാരിയാണ്. നിങ്ങളുടെ പുറകിൽ നടുവിനും താഴെയായി ഒരു ലോക്കൽ അനസ്തറ്റിക് കുത്തിവയ്പ്പ് നിങ്ങൾക്ക് തരും. തൽഫലമായി നിങ്ങളുടെ നെഞ്ചിനു താഴെയുള്ള ഭാഗം മുഴുവൻ മരവിച്ചുപോകും. നിങ്ങളുടെ കാലുകളും മരവിച്ചുപോകും. കാലുകൾ അനക്കാൻ സാധിക്കാതെ വരും. ഈ കുത്തിവയ്പ്പിനു പൂർണ്ണഫലം കിട്ടണമെങ്കിൽ 10 മുതൽ 20 മിനിറ്റ്വരെ എടുക്കും.

ഈ അനസ്തറ്റിക്കിന് വേണ്ട പ്രാരംഭനടപടികൾ

- നിങ്ങളുടെ കൈയിലോ കൈപ്പത്തിയിലോ ഘടിപ്പിച്ചിട്ടുള്ള ഒരു സൂചി (നാഡിക്കുള്ളിലൂടെയുള്ള കാനുല) വഴി നിങ്ങൾക്ക് ആദ്യമായി ഒരു ഡ്രിപ്പ് തരും.
- നിങ്ങളുടെ നടുവിന്റെ പുറകുവശത്ത് താഴെ ഒരു ലോക്കൽ അനസ്തറ്റിക്ക് കുത്തിവയ്ക്കും.
- മൂത്രം പോകുന്നതിനുവേണ്ടി നിങ്ങളുടെ മൂത്രസഞ്ചിയിൽ ഒരു കുഴൽ (ഇതനെ കത്തീറ്റർ എന്നു വിളിക്കും) ഘടിപ്പിക്കും.
- കൂടെക്കൂടെ നിങ്ങളുടെ രക്തസമ്മർദ്ദവും ഓക്സിജൻ ലവലും പരിശോധിക്കും.

ഈ കാര്യങ്ങൾ നടക്കുമ്പോൾ ചില ആസ്പത്രികളിൽ നിങ്ങളുടെ പങ്കാളിയെക്കൂടി അടുത്തുനിൽക്കാൻ അനുവദിക്കും. ചിലടത്ത് ഇതിന് ശേഷമേ അവരെ അകത്തുവരാൻ അനുവദിക്കുകയുള്ളു

## റീജിയണൽ അനസ്തറ്റിക്കിന്റെ പ്രത്യേക സൗകര്യങ്ങൾ

പ്രതീക്ഷിക്കാത്ത പെട്ടെന്നുള്ള ഒരു സിസ്സേറിയൻ വേണ്ടിവരുമ്പോൾ ഇതാണ് നിങ്ങൾക്ക് തിരഞ്ഞെടുക്കാവുന്ന ഏറ്റവും സുരക്ഷിതമായ മാർഗ്ഗം. ഇത് നിങ്ങളുടെ കുഞ്ഞിന്റെ ജനനസമയത്ത് നിങ്ങളെ ഉണർന്നിരിക്കാൻ സാധിപ്പിക്കുന്നു. റീജയണൽ അനസ്തറ്റിക് തരുമ്പോഴുണ്ടാകുന്ന വേദനക്കുറവ് ജനറൽ അനസ്തറ്റിക്ക് തരുമ്പോഴുള്ളതിനേക്കാൾ മെച്ചപ്പെട്ടതാണ്.

## റീജിയണൽ അനസ്തറ്റിക് കൊണ്ടുണ്ടാകാവുന്ന ചില പ്രശ്നങ്ങൾ

- ഓപ്പറേഷൻ തുടങ്ങും മുമ്പ് നിങ്ങളുടെ മരവിപ്പ് പൂർത്തിയായോ എന്ന് അനസ്തറ്റിക് പരിശോധിക്കും. എന്നാൽ ഈ പരിശോധന 100% വിശ്വസനീയമല്ല. അതിനാൽ ഓപ്പറേഷൻ സമയത്ത് നിങ്ങൾക്ക് അസ്വസ്ഥതയുണ്ടാകാം.
- വയറിനകത്ത് ഉന്തലും തള്ളലും നിങ്ങൾക്ക് സാധാരണഗതിയിൽ തോന്നാം. എന്നാൽ നിങ്ങൾ പേടിക്കരുത്. ചിലപ്പോൾ ചെറിയ വേദന അനുഭവപ്പെട്ടേക്കാം. ഇതു കുറയുന്നതിനായി ഡ്രിപ്പിൽക്കൂടി വേദനസംഹാരി തരുകയോ വായിൽവച്ചിട്ടുള്ള മൗത്ത്പീസോ മാസ്കോ വഴി ശ്വസിപ്പിക്കുകയോ ചെയ്യാം. ചിലപ്പോൾ നിങ്ങൾക്ക് വല്ലാതെ വേദന അനുഭവപ്പെട്ടേക്കാം. അങ്ങനെ വന്നാൽ ചിലപ്പോൾ അനസ്തറ്റിക് നിങ്ങൾക്ക് ജനറൽ അനസ്തീസിയ തന്നെന്നിരിക്കും. അത് നിങ്ങളെ ഉറക്കത്തിലാഴ്ത്തും.
- അനസ്തറ്റിക് സാധാരണമായി നിങ്ങളുടെ രക്തസമ്മർദ്ദം കുറയ്ക്കാറുണ്ട്. ഇത് നിങ്ങളെ അസ്വസ്ഥരാക്കുകയോ ചിലപ്പോൾ ബോധക്കേടുണ്ടാകുകയോ ചെയ്യും. അങ്ങനെ സംഭവിച്ചാൽ അനസ്തറ്റിസ്റ്റ് ഉടൻതന്നെ നിങ്ങൾക്ക് മരുന്നു തരും. ചില സന്ദർഭങ്ങളിൽ ഈ അസ്വസ്ഥതയുടെ അടയാളം തുടങ്ങും മുമ്പുതന്നെ മരുന്നു തന്നെന്നും വരാം.

# റീജിയണൽ അനസ്തറ്റിക്കിന്റെ അപകടസാധ്യതയും പാർശ്വഫലങ്ങളും

| അപകടപ്രശ്ന സാധ്യത | പ്രശ്നം എത്രത്തോളം സാധാരണമാണ് |
|---|---|
| ചൊറിച്ചിൽ | സാധാരണം– 3 മുതൽ 10 വരെ ആൾക്കാരിൽ ഏകദേശം ഒരാൾക്ക് മരുന്നിന്റെയും കൊടുക്കുന്ന അളവിന്റെയും അനുസരിച്ച് |
| രക്തസമ്മർദ്ദത്തിലെ വ്യക്തമായ കുറവ് | സ്പൈനൽ<br>സാധാരണം– ഏകദേശം 5 ൽ 1<br>എപ്പിഡ്യൂറൽ ചിലപ്പോഴെല്ലാം 50 ൽ ഒരാൾക്ക് |
| പ്രസവവേദന കുറയ്ക്കുവാൻ കൊടുക്കുന്ന എപ്പിഡ്യൂറൽ ഉദ്ദേശിച്ച ഫലം കൊടുക്കാത്തതിനാൽ സിസ്സേറിയന് വേറെ അനസ്തറ്റിക് വേണ്ടിവരുമ്പോൾ | 8 മുതൽ 10 വരെ ആൾക്കാരിൽ ഏകദേശം ഒരാൾക്ക് |
| അനസ്തറ്റിക് വേണ്ടപോലെ പ്രവർത്തിക്കാത്തതിനാൽ, ഓപ്പറേഷൻ സമയത്ത് വേദന കുറയ്ക്കാൻ സഹായിക്കാൻ കൂടുതൽ മരുന്നുകൾ വേണ്ടിവരുമ്പോൾ | സ്പൈനൽ<br>ചിലപ്പോഴൊക്കെ ഏകദേശം 20 ൽ ഒരാൾക്ക്<br>എപ്പിഡ്യൂറൽ<br>സാധാരണം– ഏകദേശം 7 ൽ ഒരാൾക്ക് |
| സിസ്സേറിയൻ സമയത്ത് റീജിയണൽ അനസ്തറ്റിക് പ്രവർത്തനക്ഷമമല്ലാതാകുകയും ജനറൽ അനസ്തറ്റിക് വേണ്ടിവരുകയും ചെയ്യുമ്പോൾ | സ്പൈനൽ<br>ചിലപ്പോഴൊക്കെ ഏകദേശം 50 ൽ ഒരാൾക്ക്<br>എപ്പിഡ്യൂറൽ<br>ചിലപ്പോഴൊക്കെ 20 ൽ ഒരാൾക്ക് |
| കടുത്ത തലവേദന | എപ്പിഡ്യൂറൽ<br>വളരെ അപൂർവ്വം ഏകദേശം 100ൽ ഒരാൾക്ക്<br>സ്പൈനൽ<br>അത്യപൂർവ്വം – ഏകദേശം 500ൽ ഒരാൾക്ക് |
| ഞരമ്പുകൾക്ക് കേടുപാട് ഉദാഹരണത്തിന് കാലിലോ പാദത്തിലോ മരവിപ്പ്, ഒരു കാലിന് തളർച്ച | ആറുമാസത്തിൽ താഴെയുള്ള കാലയളവിൽ അത്യപൂർവ്വം ആയിരത്തിലോ രണ്ടായിരത്തിലോ ഒരാൾക്ക്<br>അപൂർവ്വം – ആറുമാസത്തിൽ കൂടുതൽ 24000 പേരിൽ ഒരാൾക്ക് |
| മസ്തിഷ്കജ്വരം | വളരെ അപൂർവ്വം – ഒരു ലക്ഷത്തിൽ ഒരാൾക്ക് |
| സ്പൈനലോ എപ്പിഡ്യൂറലോ ഭാഗത്ത് സ്പൈനിൽ പഴുപ്പ് | വളരെ അപൂർവ്വം – 50000 ൽ ഒരാൾക്ക് |
| സ്പൈനലോ എപ്പിഡ്യൂറലോ ഭാഗത്ത് രക്തം കട്ടപിടിക്കൽ | വളരെ അപൂർവ്വം – 168000 ൽ ഒരാൾക്ക് |
| രക്തം കട്ടപിടിക്കൽ, പഴുപ്പ് മുതലായവ കൊണ്ടുണ്ടാകുന്ന പരാലിസിസ് | വളരെ അപൂർവ്വം – ഒരു ലക്ഷത്തിൽ ഒരാൾക്ക് |
| എപ്പിഡ്യൂറൽ നട്ടെല്ലിലെ നാഡിയിൽ വലിയ അളവിൽ ലോക്കൽ അനസ്തറ്റിക് ആകസ്മികമായി കുത്തിവയ്ക്കുന്നു | വളരെ അപൂർവ്വം – ഒരു ലക്ഷത്തിൽ ഒരാൾക്ക് |
| സ്പൈനൽ ദ്രാവകത്തിൽ വലിയ അളവിൽ ലോക്കൽ അനസ്തറ്റിക് കുത്തിവച്ചതിനാൽ ശ്വാസതടസ്സമോ അപൂർവ്വ കേസുകളിൽ ബോധക്ഷയമോ ഉണ്ടാകുന്നു | അപൂർവ്വം – 2000 ൽ ഒരാൾക്ക് തികച്ചും |

ഈ അപകടസാധ്യതകളുടെയും പാർശ്വഫലങ്ങളുടെയും സൂക്ഷ്മമായ കണക്കുകൾ കിട്ടാനില്ല. ആസ്പത്രി മാറുംതോറും കണക്കും മാറും. ഈ കാർഡ് ഒരു ചുരുക്കം മാത്രമാണ്. കൂടുതൽ വിവരം www.oaaformothers.info എന്ന വെബ്സൈറ്റിൽ കിട്ടും. നിങ്ങളുടെ അനസ്തിസിസ്റ്റുമായി ഇത് ചർച്ച ചെയ്യാവുന്നതാണ്.

© Obstetric Anaesthetists' Association 2012
Registered Charity No 1111382
www.oaaformothers.info